ശ്രീ. കെ. കരുണാകരൻ: ഇതൊരു ഗുരുതരമായ പ്രശ്നമായതു കൊണ്ടും കേരളത്തിലെ ജനങ്ങളുടെ വികാരങ്ങളെ മാനിച്ചുകൊണ്ടും— സംസ്ഥാനഗവൺമെൻറ് ഈ പ്രശ്നത്തിൽ ചെയ്തത് മുഴുവൻ തൃപ്തികരമല്ല—അവരെ സ്വാധീനിക്കുന്നതിനോ, ഉപദേശിക്കുന്നതിനോ പ്രേരിപ്പിക്കുന്നതിനോ കേന്ദ്ര ആഭ്യന്തരവകുപ്പിനെ സമീപിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സംസ്ഥാനഗവൺമെൻറിന്റെ നടപടി തൃപ്തികരമല്ലെന്ന് പ്രതിപക്ഷത്താകുമ്പോൾ പറയണമല്ലോ? എന്നാലും ഞാൻ അതു സ്വീകരിക്കുന്നില്ല. കാരണം ഇതുപോലെയുള്ള ഒരു കാര്യം നമ്മുടെ ശ്രദ്ധയിൽപെട്ടു കഴിഞ്ഞാൽ ഉടനെതന്നെ ചെയ്യാൻ കഴിയുന്നത് ഇവിടെ ഒരു കാര്യത്തെപ്പറ്റി പരാമർശം ഉണ്ടായതുകൊണ്ട് പറഞ്ഞതാണ്; അങ്ങനെ പറഞ്ഞിട്ടില്ലെങ്കിൽ സന്തോഷം.....

ശ്രീ. കെ. കരുണാകരൻ: എന്റെ ചോദ്യം മനസ്സിലായില്ലെന്നു തോന്നുന്നു. സംസ്ഥാന ഗവൺമെൻറ് സ്വീകരിച്ച നടപടി തൃപ്തികരമല്ല. നമ്മുടെ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെ സമീപിച്ച് ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പി. കെ. വാസുദേവൻ നായർ: എനിക്കു തോന്നുന്നത്, സംസ്ഥാന ഗവൺമെൻറുകൾ നേരിട്ടു ബന്ധപ്പെടുകയാണ് കൂടുതൽ നല്ലത് എന്നാണ്. ഏതെങ്കിലും ഒരു പ്രത്യേക സന്ദർഭത്തിൽ അനിവാര്യമായി വന്നാൽ ആലോചിക്കേണ്ടതാണ്. മറ്റൊരു സംസ്ഥാനഗവൺമെൻറിന്റെ ഒരു പ്രശ്നത്തെ സംബന്ധിച്ച് കേന്ദ്രഗവൺമെൻറിനെ സമീപിക്കാൻ പാടില്ല. പരമാവധി സംസ്ഥാനഗവൺമെൻറുകൾ തമ്മിൽത്തമ്മിൽ ബന്ധപ്പെട്ട് ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതായിരിക്കും നല്ലത്.

ശ്രീ. കെ. കരുണാകരൻ: നമ്മുടെ സംസ്ഥാനത്തെ ഒരു പെൺകുട്ടിയുടെ ജീവൻറെ പ്രശ്നമായതുകൊണ്ട് തീർച്ചയായും കേന്ദ്രത്തെ സ്വാധീനിക്കുന്നതിന് സംസ്ഥാന ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെ സമീപിക്കുന്ന കാര്യം ആലോചിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ കാര്യം ആലോചിക്കാം.

'കൈരളി'യിലെ ജീവനക്കാരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

*8 [11] ശ്രീ. ടി. എം. ജേക്കബ്:

,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരള ഷിപ്പിംഗ് കോർപ്പറേഷൻറെ കൈരളി എന്ന കപ്പൽ എന്നുമുതലാണ് കാണാതായതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കപ്പൽ കണ്ടെത്താനുള്ള ശ്രമം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(സി) കപ്പൽ കണ്ടെത്താൻ അറേബ്യൻ കമ്പനിയുമായി നടത്തിയ ശ്രമത്തിന്റെ ഫലം എന്താണെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നഷ്ടപ്പെട്ട കപ്പലിലെ ജീവനക്കാരുടെ ആശ്രിതർക്ക് ഇപ്പോഴെന്തെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ;

(ഇ) കപ്പൽ എന്നന്നേക്കുമായി നഷ്ടപ്പെട്ടതായി സർക്കാർ കരുതുന്നുണ്ടെങ്കിൽ അതിലെ ജീവനക്കാരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാൻ സത്വരനടപടി സ്വീകരിക്കുമോ;

(എഫ്) ഇതിനെപ്പറ്റി അന്വേഷണത്തിനായി ഗവൺമെന്റ് എന്തു തുക ചെലവഴിച്ചു?

ഗതാഗതമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) 3-7-1979 രാത്രി 8-55-നുശേഷം കപ്പലിൽനിന്നും വിവരമൊന്നുമില്ല.

(ബി) ഇൻഡ്യൻ നാവികസേന 13-7-1979 മുതൽ 18-7-1979 വരെ കപ്പൽ 2-7-1979-ൽ എത്തിയിരുന്ന സ്ഥലത്തെ ആധാരമാക്കി വിമാനങ്ങളും കപ്പലുകളും മുഖേന വിശദമായ തെരച്ചിൽ നടത്തുകയുണ്ടായി. കൂടാതെ ലണ്ടൻ (ലോയിഡ്സ്), അമേരിക്ക, റഷ്യ, സോമാലിയ, യമൻ എന്നീ വിദേശ രാജ്യങ്ങളും കപ്പലിനുവേണ്ടി തെരച്ചിൽ നടത്തിയെങ്കിലും പ്രയോജനമൊന്നുമുണ്ടായില്ല. 20-8-1979-ന് ലണ്ടനിലെ ലോയ്ഡ്സ് കൈരളിയെ ''കാണാതായ കപ്പലുകളുടെ പട്ടിക''യിൽ (Missing list) പെടുത്തിയിരിക്കുകയാണ്. ഇപ്പോഴും തെരച്ചിലൊന്നും നടക്കുന്നില്ല.

(സി) കുവൈറ്റിലെ ''പാൻ അറേബ്യൻ'' ഷിപ്പിംഗ് ട്രാൻസ്പോർട്ട് എന്നൊരു കമ്പനി 23-7-1979-നു കൈരളിയെ തിരയാൻ സന്നദ്ധമാണെന്നും, കപ്പൽ കണ്ടുകിട്ടുകയാണെങ്കിൽ മൂന്നു ലക്ഷം ഡോളർ നൽകണമെന്നും ടെലക്സ് മുഖേന കോർപ്പറേഷനെ അറിയിച്ചിരുന്നു. ആ സമയത്ത് ഇൻഡ്യൻ നാവികസേന, ലോയ്ഡ്സ്, വിദേശസർക്കാരുകൾ എന്നിവ തിരച്ചിൽ നടത്തിക്കൊണ്ടിരിക്കുകയായിരുന്നതിനാൽ ഒരു സ്വകാര്യക്കമ്പനിയുടെ ഈ ഓഫർ കണക്കാക്കേണ്ടതില്ലെന്ന് ഷിപ്പിംഗ് കോർപ്പറേഷൻ തീരുമാനിച്ചു. 20-8-1979-ഓടുകൂടി ഉയർന്ന നിലവാരത്തിലുള്ള എല്ലാ തെരച്ചിലുകളും നിരാശയോടുകൂടി നിറുത്തിവച്ചതിനാൽ പാൻ അറേബ്യൻ ഷിപ്പിംഗ് കമ്പനിയോട് അവരുടെ ടെലക്സിലെ വ്യവസ്ഥകൾ അംഗീകരിച്ച് കപ്പൽ കാണിച്ചുതരുവാൻ ആവശ്യപ്പെട്ടുകൊണ്ട് 21-8-1979-ന് ഒരു ടെലക്സ് സന്ദേശം കോർപ്പറേഷൻ അയച്ചു. കപ്പൽ കാണിച്ചുതരാമെന്നു പറഞ്ഞത് കപ്പൽ മുങ്ങിയ നിലയിലോ, അല്ലെങ്കിൽ പൊങ്ങിക്കിടക്കുന്ന നിലയിലോ ആയിരിക്കുമെന്നും അതിനു മൂന്നു ലക്ഷത്തി അൻപത്തിയേഴായിരം (3,57,000) ഡോളർ കുവൈറ്റ് ബാങ്ക് മുഖാന്തിരം ബാങ്ക് ഗ്യാരണ്ടി കെട്ടണമെന്നും പറഞ്ഞ് 22-8-1979-ൽ കമ്പനി മറുപടി അയച്ചു. കപ്പലിലെ ജീവനക്കാരുടെ ജീവന് പ്രാധാന്യം നൽകിക്കൊണ്ട് കപ്പൽ ജീവനക്കാരോടുകൂടി കാണിച്ചുതരാമെങ്കിൽ അവരുടെ നിബന്ധനകൾ സ്വീകരിക്കാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് കോർപ്പറേഷൻ കുവൈറ്റ് കമ്പനിക്ക് 24-8-1979-ന് ടെലക്സ് നൽകി. ഇതിനു ലഭിച്ച മറുപടി കപ്പൽ മിക്കവാറും മുങ്ങിയിരിക്കാമെന്നും അതുകൊണ്ട് കപ്പൽ ജീവനക്കാരോടുകൂടി കണ്ടുപിടിക്കണമെന്ന ആവശ്യം സ്വീകരിക്കാൻ സാധ്യമല്ലെന്നും പറഞ്ഞുകൊണ്ടായിരുന്നു. അതുകാരണം ഈ കമ്പനിയുമായി കൂടുതൽ ചർച്ചകളൊന്നും നടത്തിയില്ല. കുവൈറ്റിലെ ഇൻഡ്യൻ എംബസ്സി, ലോയ്ഡ്സ്, പി. ആൻഡ് ഐ. ക്ലബ് എന്നിവർ മുഖാന്തിരം നടത്തിയ അന്വേഷണത്തിൽനിന്ന് ഈ കുവൈറ്റു കമ്പനിക്കു ഇത്തരം നടപടികൾ കൈക്കൊള്ളാനുള്ള ഒരുവിധ സാഹചര്യവും ഇല്ലെന്നു അറിയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി, ഇ) ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിലേക്ക് പതിവു പോലെ കുടുംബാംഗങ്ങൾക്ക് അലോട്ട്മെന്റ് കൊടുത്തിട്ടുണ്ട്. കപ്പൽ നഷ്ടപ്പെട്ടിരിക്കാമെന്ന നിഗമനത്തിൽ കോർപ്പറേഷൻ എത്തിയിരിക്കുന്നതു കൊണ്ട് തുടർന്നും അലോട്ട്മെന്റ് കൊടുക്കാൻ നിർവ്വാഹമില്ല. കപ്പലിലെ ജീവനക്കാർ നഷ്ടപ്പെട്ടിരിക്കാമെന്ന് അനുമാനിക്കണമെങ്കിൽ മർച്ചന്റ് ഷിപ്പിംഗ് ആക്ട് പ്രകാരം കപ്പലിൽനിന്ന് അവസാന സന്ദേശം ലഭിച്ച തിനുശേഷം പന്ത്രണ്ടു മാസങ്ങൾ കഴിയണം. കപ്പലിൽനിന്ന് അവസാന സന്ദേശം ലഭിച്ചത്, 3-7-1979-ന് ആകയാൽ 3-7-1980-നുശേഷം മാത്രമെ ജീവനക്കാർ നഷ്ടപ്പെട്ടു എന്നു കരുതി ആശ്രിതർക്കു നഷ്ടപരിഹാരം നൽകാൻ കഴിയൂ. പക്ഷേ ജീവനക്കാരുടെ ആശ്രിതരുടെ വിഷമങ്ങൾ കണക്കിലെടുത്തുകൊണ്ട് നഷ്ടപരിഹാരത്തുകയിൽനിന്ന് ഇപ്പോൾത്തന്നെ അഡ്വാൻസ്, അവകാശസർട്ടിഫിക്കറ്റ് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ നൽകാമെന്ന് കോർപ്പറേഷൻ തീരുമാനിച്ചിരിക്കുകയാണ്. അതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(എഫ്) തിരച്ചിൽ നടത്തിയ നാവികസേനയിൽനിന്നോ പ്രക്ഷേപണങ്ങൾ ചെയ്ത ലോയ്ഡ്സ് മുതലായ സ്ഥാപനങ്ങളിൽനിന്നോ ചെലവിന്റെ കണക്കുകൾ ലഭിച്ചിട്ടില്ല.

ശ്രീ. ടി. എം. ജേക്കബ്: കൈരളി എന്ന കപ്പൽ കാണാതായതിനു ശേഷം അതുസംബന്ധിച്ച വാർത്തകൾ പത്രത്തിൽ വന്നു. മനസ്സിലാക്കാൻ സാധിച്ചിടത്തോളം കപ്പലിലെ ജീവനക്കാരെ കണ്ടെത്തുന്നതിനെക്കാൾ കൂടുതലായി കപ്പൽ നഷ്ടപ്പെട്ടതിനുള്ള പരിഹാരം കിട്ടുന്നതിനുള്ള നടപടികളുമായാണ് ഷിപ്പിംഗ് കോർപ്പറേഷൻ മുന്നോട്ടുപോയത് എന്നുള്ള വാർത്തകൾ പ്രചരിച്ചിട്ടുണ്ട്. അതു ശരിയാണോ? അങ്ങനെയുള്ള നടപടികൾ ഉണ്ടാകാനുള്ള കാരണമെന്താണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആ വാർത്ത ശരിയല്ല. കപ്പൽ കാണാതായ വിവരത്തിന് എല്ലാ അന്വേഷണങ്ങളും നടത്തിയതിനുശേഷം മാത്രമാണ് മറ്റു കാര്യങ്ങളിലേക്ക് പ്രവേശിച്ചത്.

ശ്രീ. ടി. എം. ജേക്കബ്: കൈരളി കാണാതായതിനുശേഷം പുതിയ കപ്പൽ ഏതെങ്കിലും വാങ്ങുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? അങ്ങനെ വാങ്ങുന്നുവെങ്കിൽ ഈ കൈരളിയിൽ ജോലി ചെയ്തിരുന്ന ആളുകളുടെ ആശ്രിതർക്ക് അതിൽ ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നഷ്ടപ്പെട്ടുപോയ കപ്പലിന്റെ തിരച്ചിലിനിടയിൽ പുതിയ കപ്പൽ വാങ്ങുന്നതിനെപ്പറ്റി ആലോചിക്കാൻ സമയം ലഭിച്ചിട്ടില്ല.

ശ്രീ. പി. ബാലൻ: ഷിപ്പിംഗ് കോർപ്പറേഷന് സംഭവിച്ച അത്യധികമായ നഷ്ടവും കൈരളി എന്ന കപ്പലിന്റെ അന്തർദ്ധാനവും കണക്കിലെടുത്തു ഷിപ്പിംഗ് കോർപ്പറേഷൻ നിരുത്തലാക്കാൻ ശ്രമിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: വ്യക്തമായ മറുപടി പറയാൻ ഇപ്പോൾ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: ഈ കപ്പൽ കാണാതായതിനെ സംബന്ധിച്ച് റഷ്യ, അമേരിക്ക മുതലായ രാജ്യങ്ങളോടു തിരച്ചിൽ നടത്താൻ ഇൻഡ്യാ ഗവണ്മെന്റുമുഖാന്തിരം കേരള ഗവണ്മെന്റു് ആവശ്യപ്പെട്ടതായി പത്രത്തിൽ കണ്ടു. അങ്ങനെ ഈ രാജ്യങ്ങളെ സമീപിച്ചിട്ടുണ്ടെങ്കിൽ അവരുടെ പ്രതികരണം എന്താണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: കേൾപ്പറഞ്ഞ എല്ലാ രാജ്യങ്ങളോടും അവരുടെ സഹായങ്ങൾ ആവശ്യപ്പെടുകയും തരാൻ അഭ്യർത്ഥിക്കുകയും ചെയ്തു. എല്ലാ രാജ്യങ്ങളിൽനിന്നും നിരാശാജനകമായ മറുപടിയാണ് കിട്ടിയത്. ഈ കപ്പലിന്റെ യാതൊരു വിവരവും ഇല്ലായെന്നാണ് കിട്ടിയ മറുപടി.

ശ്രീ. ഒ. ലൂക്കോസ്: ഷിപ്പിംഗ് കോർപ്പറേഷന്റെ ഏക കപ്പൽ നഷ്ടപ്പെട്ടുവെങ്കിൽപ്പോലും ഷിപ്പിംഗ് കോർപ്പറേഷൻ നിറുത്തുകയില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, മുങ്ങിപ്പോയ കപ്പലിലെ ജീവനക്കാരെ സഹായിക്കുന്നതിനുവേണ്ടിയാണോ? മുങ്ങിപ്പോയ കപ്പലിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നു? ആ വിവരം ഒന്നു വെളിപ്പെടുത്താമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ജീവനക്കാരായി ഉണ്ടായിരുന്നത് 49 പേരായിരുന്നു. ഒരു ജീവനക്കാരന്റെ ഭാര്യയും കുട്ടിയും ഉൾപ്പെടെ 51 പേരാണ്. കോർപ്പറേഷൻ നിറുത്തുകയില്ലെന്നു പറഞ്ഞിട്ടില്ല. പെട്ടെന്നു മറുപടി പറയാൻ കഴിയുകയില്ലെന്നാണ് പറഞ്ഞത്.

ശ്രീ. പി. ബി. ആർ. പിള്ള: കപ്പലിനെപ്പറ്റിയുള്ള തിരച്ചിൽ അവസാനിപ്പിച്ചതായി ബഹുമാനപ്പെട്ട മന്ത്രിയുടെ സൂചനയിൽനിന്നു മനസ്സിലായി. ഈ കപ്പൽ മുങ്ങിപ്പോയി എന്നാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? അങ്ങനെയാണെങ്കിൽ ഈ കപ്പലിൽ അപ്ടുഡേറ്റായ ലൈഫ് ബോട്ടുകളും ഉണ്ടായിരുന്നു. സഹായാഭ്യർത്ഥന ഉണ്ടായിട്ടില്ല. ലൈഫ് ബോട്ടിൽനിന്ന് യാതൊരു ഇൻഫർമേഷനും ലഭിച്ചിട്ടില്ല. ആ സാഹചര്യത്തിൽ ഈ കപ്പൽ എങ്ങനെ നഷ്ടപ്പെട്ടു എന്നതിനെ സംബന്ധിച്ച് വ്യക്തമായ അറിവ് ഇല്ല. വളരെയധികം സംശയം നിലനിൽക്കുന്നു. ഇതിനെ സംബന്ധിച്ച് വ്യക്തമായ ഒരന്വേഷണം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടത്തുന്നതിന് തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സാമാന്യം വലിപ്പം ഉള്ള കപ്പലിൽ നിന്ന് വിവരമൊന്നും ലഭിച്ചില്ല. പിന്നെ അതിലുള്ള ലൈഫ് ബോട്ടിൽ നിന്ന് വിവരം ലഭിച്ചോ എന്നു പറയാൻ നിവൃത്തിയില്ല. കപ്പലിന്റെ തിരോധാനത്തെപ്പറ്റി അന്വേഷിക്കാൻ കഴിവുള്ള എല്ലാ രാജ്യങ്ങളോടും ഇതേപ്പറ്റി അന്വേഷിച്ചു. അനുകൂലമായ മറുപടി ലഭിച്ചില്ല. കൂടുതൽ അന്വേഷിക്കുന്നതുകൊണ്ടു പ്രയോജനമില്ലെങ്കിലും ബന്ധുക്കളുടെ നിർബന്ധപ്രകാരം അവരിൽ ഒരാളെയും ഷിപ്പിംഗ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥൻ ലക്ഷ്മണനെയുംകൂട്ടി പിന്നെയും കുവൈറ്റു കമ്പനിയിൽ നിന്നും എന്തെങ്കിലും വിവരം കിട്ടുമോ എന്നറിയാൻ അയച്ചിരിക്കുകയാണ്. വിവരം ലഭിക്കുമോ എന്നു പരിശോധിക്കാൻവേണ്ടി മാത്രമാണ് അയച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly